ഉത്തരം

(എ&ബി) ഇല്ല. 1989-ലെ കേന്ദ്ര മോട്ടോർ വാഹനചട്ടം 4(11) പ്രകാരവും 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 28(കെ) വകുപ്പിന്റെ അടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിന് ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരമില്ല.

(സി&ഡി) ഉണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹനചട്ടം 4 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നുള്ള പേ സ്ലിപ്പ് ഒഴികെ മറ്റ് സർട്ടിഫിക്കറ്റുകൾ മേൽവിലാസത്തിന്റെ തെളിവായി ഉൾപ്പെടുത്തിയിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം

154 (604) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യുടെ ഇപ്പോഴത്തെ സഞ്ചിത നഷ്ടം എത്രയാണ് എന്നറിയിക്കുമോ ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സഞ്ചിതനഷ്ടം എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ;

(ഡി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര പുതിയ ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയത് ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ റൂട്ടുകളിലാണ് കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിച്ചത് ;

(എഫ്) കണ്ണൂർ ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ ബസ്സുകൾ അനുവദിച്ചു എന്നും എത്ര പുതിയ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിച്ചു എന്നും അറിയിക്കുമോ ?

ഉത്തരം

(എ) 2007-08-വരെയുള്ള വാർഷിക കണക്ക് മാത്രമേ പൂർത്തിയായിട്ടുള്ളൂ. 2009-10-ലെ താൽക്കാലിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിതനഷ്ടം 1700.80 കോടി രൂപയാണ്.

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സഞ്ചിതനഷ്ടം (2005-06-ലെ വാർഷിക കണക്ക് പ്രകാരം) 1618.10 കോടി രൂപയാണ്.

(സി) കെ.എസ്.ആർ.ടി.എസ്.-യുടെ ചരിത്രത്തിലെ ഏറ്റവും വലിയ വികസനപ്രവർത്തനമാണ് ഈ സർക്കാരിന്റെ കാലയളവിൽ നടന്നിട്ടുള്ളത്. കേരളത്തിൽ പൊതുമേഖലാ ട്രാൻസ്പോർട്ട് 2005-ൽ 13% ആയിരുന്നത് 27% ആയി വർദ്ധിച്ചു. ജൂലൈ 2007 മുതൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

2582 പുതിയ ബസ് നിരത്തിലിറക്കി. കൂടാതെ പുതുതായി 1188 ഷെഡ്യൂൾ ആരംഭിച്ചു. മലബാർ മേഖലയിലെ യാത്രക്ലേശം പരിഹരിക്കുന്നതിനായി 351 കൂടുതൽ സർവ്വീസുകൾ ആരംഭിച്ചതോടൊപ്പം എറണാകുളം നഗരത്തിൽ 50 തിരു-കൊച്ചി സർവ്വീസ് തുടങ്ങി. ജെൻറം പദ്ധതിയനുസരിച്ച് തിരുവനന്തപുരത്ത് 18 എ.സി. വോൾവോ ബസ്സും 32 നോൺ എ.സി. ലോ ഫ്ളോർ ബസ്സും എറണാകുളത്ത് 31 എ.സി. വോൾവോ ബസ്സും ചുവടെപ്പറയുന്ന യൂണിറ്റുകളിലായി 31 നോൺ-എ.സി. ലോ-ഫ്ളോർ ബസ്സും (ആലുവ-9, അങ്കമാലി-2, മൂവാറ്റുപുഴ-5, പറവൂർ-6, പെരുമ്പാവൂർ-5, പിറവം-4) ആരംഭിച്ചു. ജെൻറം സർവ്വീസുകൾക്ക് ജനങ്ങൾ നൽകിയ അംഗീകാരം കണക്കിലെടുത്ത് ജില്ലയിലെ മറ്റ് പ്രധാന സ്ഥലങ്ങളിലേക്കു കൂടി സർവ്വീസ് വ്യാപിപ്പിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തുനിന്ന് ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര, വിഴിഞ്ഞം, കിളിമാനൂർ, കാട്ടാക്കട എന്നിവിടങ്ങളിലേക്കും സർവ്വീസ് വ്യാപിപ്പിച്ചു.

തകർച്ചയിലേക്ക് നീങ്ങുകയായിരുന്ന കോർപ്പറേഷന്റെ ദീർഘവീക്ഷണത്തോടെയുള്ള വിപുലീകരണം ലക്ഷ്യമിട്ട് നടത്തിയ വികസന പ്രവർത്തനങ്ങളുടെ ഫലമായി 11.52 ലക്ഷം കി. മീറ്റർ പ്രതിദിനം സർവ്വീസ് നടത്തിയിരുന്നത് 15.20 ലക്ഷത്തോളം കി. മീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുതകുന്നതരത്തിലുള്ള വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കാൻ നടപടികൾ എടുത്തുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഫ്യൂവൽ സെല്ലിന്റെ പ്രവർത്തനഫലമായി ഇന്ധനക്ഷമത 2005-ൽ 3.84 കി.മീറ്ററായിരുന്നത് ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് 4.27 ആക്കിയും മെച്ചപ്പെട്ട സ്പെയർ പാർട്ടുകൾ വാങ്ങിയതുമൂലവും ജീവനക്കാരുടെ കാര്യക്ഷമത 15% മുതൽ 20% വരെ വർദ്ധിപ്പിച്ചതിലൂടെയും 5.5 കോടി രൂപ പ്രതിമാസശ്ചെലവിൽ ചുരുക്കാൻകഴിഞ്ഞു.

ജീവനക്കാരും പെൻഷൻകാരുമടക്കം ഏകദേശം 75000 കുടുംബങ്ങൾ കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യെ ആശ്രയിച്ചാണുകഴിയുന്നത്. ദിനംപ്രതി 34 മുതൽ 36 ലക്ഷംവരെ യാത്രക്കാർക്ക് സുരക്ഷിതമായ യാത്രസംവിധാനം ഒരുക്കുന്ന കെ:എസ്.ആർ.ടി.സി.-ക്ക് കേരളത്തിലെ സാധാരണ ജനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം 19783 പേർക്ക് പുതുതായി കോർപ്പറേഷനിൽ നിയമനം നൽകി.

കെ.എസ്.ആർ.ടി.സി ബസ്സുകൾ മുൻവർഷങ്ങളിലേക്കാൾ കൂടുതലായി അപകടങ്ങളിൽ ഉൾപ്പെടുന്നില്ലായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 2005-ൽ ഒരു ലക്ഷം കി.മീറ്റർ ഓടുമ്പോൾ 0.38 അപകടങ്ങളിൽ ഉൾപ്പെട്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ 2010-ൽ 0.18 അപകടങ്ങളിൽമാത്രമാണ് ഉൾപ്പെട്ടത്. ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണ്. അതേസമയം വാഹന പെരുപ്പം 2005 മുതൽ 2010വരെ ഓരോ വർഷവും 10% എന്ന കണക്കിലാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വാഹനാപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളാണ് കെ.എസ്.ആർ,ടി.സി. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അപകട വിവരങ്ങൾ അപ്പപ്പോൾ അറിയുന്നതിനും നടപടികൾക്ക് നേതൃത്വം കൊടുക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി.-യിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റും നിലവിലുണ്ട്. മെച്ചപ്പെട്ട ഗതാഗത സംസ്ക്കാരം ഉണ്ടാക്കിയെടുക്കുന്നതിനുള്ള തീവ്രയത്നത്തിലാണ് ഇപ്പോൾ റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. ബസ്സുകളുടെ നിലവാരവും ജനങ്ങളുടെ ഗതാഗത അവബോധവും മെച്ചപ്പെടുന്നതോടുകൂടി കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ടുണ്ടാകുന്ന അപകടങ്ങൾ ഇനിയും കുറയ്ക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കെ.എസ്.ആർ.ടി.സി.-യിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു Accident Control and Monitoring Cell-ന് രൂപം നൽകിയിട്ടുണ്ട്.

ഇന്ത്യയിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളിൽ ആദ്യമായി കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നടപ്പിലാക്കി. ഓൺലൈൻ റിസർവേഷൻ സൗകര്യവും നടപ്പിലാക്കി. ആഫീസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

2002 മാർച്ച് മാസം സാലാവധി അവസാനിച്ച ശമ്പള പരിഷ്ക്കരണക്കരാർ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ചചെയ്ത് നടപ്പിലാക്കി. കാഷ്വൽ ജീവനക്കാരുടെ വേതനം ഏകീകരിച്ച സ്ത്രീ പുരുഷഭേദമന്യേ 175 രൂപയായി വർദ്ധിപ്പിച്ചു. താൽക്കാലികജീവനക്കാരുടെ വേതന വർദ്ധനവ് പ്രതിമാസം 1.5 കോടി രൂപയായി വർദ്ധിപ്പിച്ചു. എല്ലാ അലവൻസുകളും വർദ്ധിപ്പിച്ചു. ഒരു ജീവനക്കാരന്റെ സർവ്വീസ് കാലയളവിൽ മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ചിരുന്ന 1 ലക്ഷം രൂപ 1.5 ലക്ഷമായി വർദ്ധിപ്പിച്ചു. 75% തുക മെഡിക്കൽ അഡ്വാൻസായിനൽകി.

വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലാ യൂണിറ്റിലും പുതുക്കിയ ഇൻസെന്റീവ് സ്കീം 1-2-2010 മുതൽ നടപ്പാക്കി. മെച്ചപ്പെട്ട ഇന്ധനക്ഷമത പ്രതിമാസം 5 കി.മീറ്ററിലധികം കൈവരിക്കുന്ന ഡ്രൈവർമാർക്ക് 300 രൂപ പ്രത്യേക അലവൻസ്നൽകി. വർഷങ്ങൾക്കുശേഷം വർദ്ധിപ്പിച്ച നിരക്കിൽ യൂണിഫോം അലവൻസ്നൽകി. എംപാനൽ ജീവനക്കാർക്കും ഈ ആനുകൂല്യം നൽകിയിട്ടുണ്ട്.

കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളുമായി അന്തർസംസ്ഥാന കരാർ അംഗീകരിച്ച് നടപ്പിലാക്കി. അഞ്ച് മേഖലാ ഓഫീസുകൾ ആരംഭിച്ച് സർവ്വീസ് കാര്യക്ഷമത വർദ്ധിപ്പിച്ചു. തിരുവനന്തപുരം സിറ്റിയിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുകയും സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുകയുംചെയ്തു. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും ജനപ്രിയ മലബാർ സർവ്വീസുകൾ ആരംഭിച്ചും സംസ്ഥാനത്തുടനീളം ചെയിൻ സർവ്വീസുകൾ ആരംഭിച്ചും പ്രതിദിന വരുമാനം 2006 ഏപ്രിലിൽ 2.27 കോടി രൂപ ആയിരുന്നത് 2010 ഡിസംബറിൽ 3.72 കോടിയായി വർദ്ധിപ്പിച്ചു. തലശ്ശേരി സബ് ഡിപ്പോയും പിറവം, ആര്യങ്കാവ് ഓപ്പറേറ്റിംഗ് സെന്ററുകളും ആരംഭിച്ചു. കാഞ്ഞങ്ങാട് പുതിയ ബസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ശിലാസ്ഥാപനവുംനടത്തി.

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന്റെ ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അന്തർ ദേശീയ നിലവാരമുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോപ്ലക്സുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അങ്കമാലിയിലെ ആധുനിക സൗകര്യമുള്ള അന്തർദേശീയ നിലവാരമുള്ള വ്യാപാര സമുച്ചയം 19-1-2011-ന് ഉദ്ഘാടനംചെയ്തു. കോഴിക്കോട് ഇതേ മാതൃകയിലുള്ള നിർമ്മാണപ്രവർത്തനം പുരോഗതിയിലാണ്. തിരുവനന്തപുരം സെൻട്രലിലെ നിർമ്മാണപ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 700 ദിവസംകൊണ്ട് ഈ ബഹുനില മന്ദിരത്തിന്റെ പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കെ.റ്റിഡി.എഫ്.സി.-യുമായി സഹകരിച്ച് ബി.ഒ.ടി. അടിസ്ഥാനത്തിലാണ് പണി നടക്കുന്നത്. തിരുവല്ലയിൽ വ്യാപാരസമുച്ചയത്തിന്റെ പണി ആരംഭിച്ചു. കൊട്ടാരക്കരയിൽ റെന്റ് ഡെപ്പോസിറ്റ് സ്കീമിൽ ആരംഭിച്ച നിർമ്മാണപ്രവർത്തനം 14-5-2010-ൽ ഉദ്ഘാടനംചെയ്തു. കാസർഗോഡുള്ള ബസ് ടെർമിനൽ കം-ഷോപ്പിംഗ് കോംപ്ലക്സ് 14-1-2011-ന് ഉദ്ഘാടനംചെയ്തു. കാട്ടാക്കടയിലെ നിർമ്മാണം പുരോഗതിയിലാണ്. അടൂർ, വടകര, കരുനാഗപ്പള്ളി, പത്തനാപുരം, പാലക്കാട്, പുതുക്കാട്, നിലമ്പൂർ എന്നീ സ്ഥലങ്ങളിൽ എം.എൽ.എ. ഫണ്ടും കോർപ്പറേഷൻ ഫണ്ടും ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. കിളിമാനൂരിലെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിടസമുച്ചയം ഉദ്ഘാടനം ചെയ്തു. പുനലൂരിലെ ആധുനിക ബസ്സ്റ്റേഷൻ പുനലൂർ മുനിസിപ്പാലിറ്റിയും എം.എൽ.എ. ഫണ്ടും കോർപ്പറേഷൻ ഫണ്ടും ഉപയോഗിച്ച് നിർമ്മാണംനടത്തി. ചാലക്കുടി, പന്തളം എന്നിവിടങ്ങളിൽ ഗാരേജ് നിർമ്മിച്ചു. ഈഞ്ചക്കൽ അന്തർ സംസ്ഥാന ബസ് ടെർമിനലിന്റെ പണി ആരംഭിക്കുവാൻ അനുമതിയായി. ഡ്രൈവർ വിഭാഗത്തിലുള്ള എല്ലാവർക്കും പരിശീലനം നൽകിയതുമൂലം അപകടനിരക്ക് കുറയ്ക്കാൻകഴിഞ്ഞു. ഇതുമൂലം മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കാനും കഴിഞ്ഞു. കൂടാതെ മറ്റെല്ലാവിഭാഗം ജീവനക്കാർക്കും പരിശീലനംനൽകി.

പുതിയതായി നിരത്തിലിറക്കുന്ന എല്ലാ ബസുകളും തേഡ് പാർട്ടി ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ അപ്പർ ക്ലാസ് സർവീസ് ബസ്സുകളും ഇൻഷർ ചെയ്തിട്ടുണ്ട്. ഇതിൽ 758 ബസ്സുകൾക്ക് കോംപ്രിഹെൻസീവ് ഇൻഷ്വറൻസാണുള്ളത്. ആകെ 2704 ബസ്സുകൾ ഇൻഷർ ചെയ്തു കഴിഞ്ഞു.

വർഷങ്ങളായി കുടിശ്ശികകിടന്ന അപ്പീൽ കേസ്സുകൾ (1989 മുതലുള്ളവ) തീർപ്പാക്കാൻകഴിഞ്ഞത് ജീവനക്കാർക്ക് ആശ്വാസകരമായി.

2006 ഏപ്രിൽ മുതൽ 508.88 കോടി രൂപ സംസ്ഥാന സർക്കാർ വായ്പയായും ക്യാപ്പിറ്റലായും ധനസഹായംനൽകി. 2006 മേയ് മാസം ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് നൽകാനുണ്ടായിരുന്ന ബാദ്ധ്യത 133.29 കോടിയും സംസ്ഥാന സർക്കാർ ധനസഹായംനൽകി അടച്ചുതീർത്തു. 1070.6 കോടി രൂപ സംസ്ഥാന സർക്കാർ എഴുതിത്തള്ളി. ഇതിൽ 250.38 കോടി ഇക്യൂറ്റി ഷെയറായും 197.39 കോടി രൂപ പലിശയും പിഴപ്പലിശയും 31-3-2008 വരെയുള്ള 622.83 കോടി രൂപ വാഹന നികുതിയും എഴുതിത്തള്ളി.

LIBRARY ARCHIVES Kerala Legislative Assembly

1965-നുശേഷം 2008വരെ കോർപ്പറേഷന്റെ കൈവശമുള്ള 410 ഏക്കർ സ്ഥലത്തിൽ 6 ഏക്കറിന് മാത്രമാണ് പട്ടയമുണ്ടായിരുന്നത്. 2008-ൽ 46 ഏക്കറിന് കൂടി പട്ടയം ശരിയാക്കി. എറണാകുളത്തുള്ള സ്ഥലമുൾപ്പെടെ പല പ്രധാനപ്പെട്ട സ്ഥലത്തിന്റെയും പട്ടയം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. എല്ലാ പ്രധാനപ്പെട്ട ഡിപ്പോയിലും അടിസ്ഥാനസൗകര്യ വികസനം ഉറപ്പാക്കാനും യാർഡ് കോൺക്രീറ്റ്ചെയ്യാനും കഴിഞ്ഞു.

മെച്ചപ്പെട്ട ടയർ മെറ്റീരിയൽസ്വാങ്ങിയും സ്പെയർ പാർട്ട്സുകൾവാങ്ങിയും എ.പി.എസ്.ആർ.ടി.സി., കർണ്ണാടക എസ്.ആർ.ടി.സി., മഹാരാഷ്ട്ര എസ്.ആർ.ടി.സി. എന്നിവയേക്കാൾ ഒരു കിലോമീറ്റർ ഓപ്പറേറ്റ്ചെയ്യാൻ സ്പെയർ പാർട്ട്സ് ഇനത്തിൽ ചെലവാകുന്ന തുക ഗണ്യമായി കുറയ്ക്കാൻകഴിഞ്ഞു.

വർഷങ്ങളായി വകമാറ്റി ചെലവാക്കിയിരുന്ന പി.എഫ്. തുക ട്രസ്റ്റ് ഫണ്ടിൽ ഡെപ്പോസിറ്റ്ചെയ്യാനും പി.എഫ്. വായ്പതുക കൃത്യമായിനൽകാനും ഇപ്പോൾ കഴിയുന്നുണ്ട്.

പരിശോധന കർശനമാക്കിയതിനാൽ ടിക്കറ്റില്ലാതെ യാത്രചെയ്യുന്നവരുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മാർച്ച് 2008-നുശേഷം 2010 നവംബർ മാസംവരെയുള്ള കാലയളവിൽ ടിക്കറ്റില്ലാതെ യാത്രചെയ്തവരിൽ (3548) നിന്നും 500 രൂപ വീതം പിഴയീടാക്കിയ ഇനത്തിൽ 17,74,000 രൂപ സർക്കാരിലേക്കടച്ചിട്ടുണ്ട്.

ആഡിറ്റ് ജോലികൾ നിർത്തിവച്ചിരുന്നത് പുനരുജ്ജീവിപ്പിച്ച് 2004-05 മുതൽ 2008-09 വരെയുള്ള കണക്കുകൾ തയ്യാറാക്കിക്കഴിഞ്ഞു.

വർഷങ്ങളായി ശരിയായ രൂപത്തിൽ പ്രവർത്തനം നടക്കാത്തതുമൂലം കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളും (പാപ്പനംകോട് സെൻട്രൽ വർക്ക്സ്, മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ വർക്ക്ഷോപ്പുകൾ) പ്രവർത്തനരഹിതമായി കിടക്കുകയായിരുന്നു. 2007-ൽ കെ.എസ്.ആർ.ടി.സി. ഓപ്പൺ ടെണ്ടർവഴി ചേസിസ് വാങ്ങി സ്വന്തം വർക്ക് ഷോപ്പുകളിൽ ബോഡി നിർമ്മാണംതുടങ്ങി.

വർക്ക്ഷോപ്പുകൾ നവീകരിച്ചതിന്റെഫലമായി എ.സി. ബസ്സുകൾ ഒഴികെയുള്ള എല്ലാ ബസ്സുകളുടെയും (സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, മലബാർ, വേണാട്, അനന്തപുരി ഫാസ്റ്റ്) ബോഡികൾ പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വർക്ക്ഷോപ്പുകളിൽ നിർമ്മിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 4,25,,106 രൂപ മാത്രമാണ് ചെലവായത്. എന്നാൽ 2001-2005 കാലയളവിൽ ഇത് 5,29,000 രൂപയായിരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ പണികഴിപ്പിച്ച ബസ്സുകൾ ഈടുറ്റതും കൂടുതൽകാലം നിലനിൽക്കുന്നതുമാണ്. അതുകൊണ്ടുതന്നെ അറ്റകുറ്റപ്പണികളിലെ കുറവുകൊണ്ട് അത്തരത്തിലുള്ള ചെലവുകളിലും കുറവുണ്ടാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സി. യൂണിറ്റുകളെ 4 മേഖലകളായി തിരിക്കുകയും മേഖലാടിസ്ഥാനത്തിൽ ഫ്യൂവൽ സെല്ലുകൾ രൂപീകരിക്കുകയുംചെയ്തു. സംസ്ഥാന വ്യാപകമായി ഓരോ ഷെഡ്യൂളിനും ടാർജറ്റ് നിശ്ചയിച്ച് ഇന്ധനക്ഷമത പ്രസ്തുത ടാർജറ്റിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1981-നുശേഷമുണ്ടായിരുന്ന നിരവധി ഫെയർ സ്റ്റേജുകൾ കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിച്ചു.

മുൻവർഷങ്ങളിലെപ്പോലെ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് യാതൊരുവിധ പരാതിക്കും ഇടനൽകാതെ തീർത്ഥാടകർക്കായി ആവശ്യാനുസരണം പ്രത്യേക സർവ്വീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ പമ്പ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻ ഒരു പ്രധാന ഡിപ്പോ എന്നതുപോലെ ഒരു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ടി ബസ്സ്റ്റേഷന്റെ ചിട്ടയോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി മണ്ഡലപൂജ, മകരവിളക്ക് കാലയളവിൽ നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് ഉൾപ്പെടെയുള്ള മുഴുവൻ പ്രത്യേക സർവീസുകളും കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. സർവ്വീസുകൾക്ക് 30% അധിക നിരക്ക് ഈടാക്കാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. കഴിഞ്ഞ കുറേക്കാലങ്ങളായി സാധാരണ നിരക്ക് മാത്രമാണ് ഈടാക്കിവരുന്നത്. പ്രത്യേക സർവ്വീസ് നടത്തിപ്പിലൂടെ കാര്യമായ വരുമാന വർദ്ധനവിന് കഴിഞ്ഞിട്ടുണ്ട്.

കോർപ്പറേഷനെ ലാഭകരമാക്കുക എന്ന ലക്ഷ്യത്തോടെ ജീവനക്കാരേയും തൊഴിലാളി സംഘടനകളേയും വിശ്വാസത്തിലെടുത്ത് മാനേജ്മെന്റ് എടുത്ത നടപടികൾ വിജയപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2636 ബസ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വിവിധ റൂട്ടുകളിലായി 1188 പുതിയ ഷെഡ്യൂൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) ഈ സർക്കാരിന്റെകാലത്ത് കണ്ണൂർ ജില്ലയിൽ കണ്ണൂർ ഡിപ്പോയിൽ 26-ഉം പയ്യന്നൂരിൽ 32 സർവ്വീസും ആരംഭിച്ചു.

കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം കുറയ്ക്കാൻ നടപടി

155 (605) ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം കുറയ്ക്കാനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly